# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ റിപ്പോർട്ട്

## ഗുരുവായൂർ റെയിൽവെ മേൽപ്പാലം

**07 - 01 - 2019**



സമർപ്പണം

**ജില്ലാ കളക്ടർ, തൃശൂർ**

**SIA UNIT**

യുത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
എം.എ. കോളേജ് പി.ഒ., കോതമംഗലം - 686 666
ഫോൺ : 9446510628
www.ysso.net, email: ysso95@gmail.com

# സാമൂഹ്യാഘാത വിലയിരുത്തൽ റിപ്പോർട്ട്

# ഗുരുവായൂർ റെയിൽവെ മേൽപ്പാലം

# അന്തിമ റിപ്പോർട്ട്

## സമർപ്പണം

**ജില്ലാ കളക്ടർ, തൃശ്ശൂർ മുമ്പാകെ**

**07/01/2019**

**എസ്. ഐ.എ. യൂണിറ്റ്**
**യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO) സോഷ്യൽ സർവ്വീസ് സെന്റർ**
**എം.എ. കോളേജ് പി.ഒ.**
**കോതമംഗലം – 686 666**
**ഫോൺ: 9446510628**
**ysso.net,** email: ysso95@gmail.com

यूत्त सोष्यल सरवीस ओरगैनैसेषन
सोष्यल सरवीस सेन्टर
एं.ए. कालेज पी.ओ.,कोतमंगलम - 686 666,कोच्ची,केरला, इन्ड्या
Ph: 9446510628 | 0485 2971222 | 9645994000

YSSO
Serving Humanity 22 Years

**Youth Social Service Organization**
Social Service Center
M.A College P.O, Kothamangalam - 686 666, Cochin,Kerala
9446510628 | 0485 2971222 | 9645994000
www.ysso.net | ysso95@gmail.com

Executive Director
Fr. Jose Paruthuvayalil

# സാക്ഷ്യപത്രം

കേരള ഗസറ്റ് നമ്പർ D-1297/2017 04/09/2018 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഗുരുവായൂർ റെയിൽവെ മേൽപ്പാലംപദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, പദ്ധതിക്ക് ആസ്പദമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിർദ്ദിഷ്ടപദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് (LA), തൃശ്ശൂർ നിന്നും ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെ എസ്.ഐ.എ. യൂണിറ്റ് പദ്ധതി ഭാഗത്തെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും തൽപരകക്ഷികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾ രേഖ പരിശോധന നടത്തേണ്ടതാകുന്നു.

ചെയർമാൻ എസ്.ഐ.എ. യൂണിറ്റ്
യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

തീയതി : 07/01/2019,
സ്ഥലം : തൃശ്ശൂർ.

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG 112/95
KOTHAMANGALAM



3

FORM NO.6

[See Rule 15(5)]

# ഗുരുവായൂർ റെയിൽവേ മേൽപ്പാലം


**അദ്ധ്യായം 1 : നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം**

1.1. ആമുഖം : പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘുകരിക്കുന്നതിനുള്ള നടപടികളും

**അദ്ധ്യായം 2 : നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം**

2.1 ആമുഖം, പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

2.2 പദ്ധതിയുടെ സ്ഥലം, വലിപ്പം, ചെലവ്, മുതലായവ

2.3 പരിഗണിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങൾ

2.4 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.5 പരിസ്ഥിതി ആഘാത വിലയിരുത്തൽ/പ്രയോഗികത പഠന വിവരങ്ങൾ

2.6 ആവശ്യമായ തൊഴിൽ ശക്തി

2.7 അനുബന്ധസൗകര്യങ്ങളുടെ ആവശ്യകത

2.8 ബാധകമായ നിയമങ്ങളും ചട്ടങ്ങളും

2.9 RFCTLARR നിയമം 2013

**അദ്ധ്യായം 3 : ടീമിനെ രൂപീകരിക്കുന്നതിനുള്ള സമീപനം, സമ്പ്രദായം സാമൂഹ്യ ആഘാത പഠനത്തിന്റെ സമയക്രമം, പശ്ചാത്തലം**

3.1 പശ്ചാത്തലം

3.2 ടീം അംഗങ്ങളുടെ പട്ടിക, യോഗ്യത, വിശദവിവരങ്ങൾ

3.3 പഠനത്തിനുള്ള വിവര ശേഖരണത്തിനു വേണ്ട ഉപാധികളും സമ്പ്രദായ രീതീകളും

3.4 മാതൃകകൾ നടത്തിയ രീതി

3.5 വിവര സ്രോതസ്സിന്റെ അവലോകനം

3.6 നടത്തിയിട്ടുള്ള പൊതു വിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

**അദ്ധ്യായം 4 : സ്ഥലത്തിന്റെ മൂല്യനിർണ്ണയം**

4.1 പശ്ചാത്തലം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.3 ഭൂപടം

4.4 പദ്ധതിക്കാവശ്യമായ ഭൂമി

4.5 പൊതു ഭൂമിയുടെ ആവശ്യകത

4.6 പദ്ധതിക്കുവേണ്ടി ഇതിനോടകം വാങ്ങിയതോ തിരിച്ചിട്ടതോ വാടകയ്ക്ക് എടുത്തതോ ഏറ്റെടുത്തതോ ആയ സ്ഥലം

4.7 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

**അദ്ധ്യായം 5 : അനുമാനക്കണക്കും ബാധിക്കുന്ന കുടുംബങ്ങളുടേയും വസ്തുക്കളുടെയും എണ്ണം**

5.1 ആമുഖം

5.2 നേരിട്ട് ബാധിക്കുന്ന കുടുംബങ്ങൾ

5.3 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വന വാസികളുടെയും കുടുംബം.

5.4 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങൾ

5.5 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളാണോ

5.6 ഏറ്റെടുക്കലിന് മൂന്നുവർഷമോ മുമ്പ് നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

5.7 ഏറ്റെടുക്കൽ സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

5.8 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

**അദ്ധ്യായം 6 : സാമൂഹ്യ, സാമ്പത്തിക, സംസ്ക്കാരിക അവസ്ഥ**

6.1 ആമുഖം

6.2 കുടുംബ വിവരങ്ങൾ

6.3 പ്രതിമാസ കുടുംബവരുമാനം

6.4 വരുമാന ബാധിതരായ കുടുംബങ്ങൾ

6.5 റേഷൻകാർഡ്

6.6 റേഷൻകാർഡിന്റെ വിഭാഗം

6.7 പ്രധാന വരുമാന മാർഗ്ഗം

6.8 ഭൂവിനിയോഗവും ഉപജീവനവും

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി നിർവ്വഹണ ആസൂത്രണം**

7.1 ആഘാതം കുറക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘുകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 പുനരധിവാസ, പുനസ്ഥാപന വ്യവസ്ഥകളിലെ നടപടികൾ

7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

7.5 ആഘാത ലഘൂകരണത്തിനായി പദ്ധതി മാതൃകയിൽ വരുത്തേണ്ടമാറ്റം

7.6 ലഘൂകരണവും ക്രമീകരണ പദ്ധതിയും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ ബഡ്ജറ്റ്**

9.1 പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം**

11.1 അന്തിമ ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

**സംഗ്രഹം**

**നന്ദി, കടപ്പാട്**

## അനുബന്ധങ്ങൾ


അനുബന്ധം 1 (a) ഗസറ്റ് വിജ്ഞാപനം

അനുബന്ധം 1 (b) ഡ്രാഫ്റ്റ് പബ്ലിഷിംഗ് കോപ്പി

അനുബന്ധം 2 അഭിമുഖ പ്രശ്നോത്തരി

അനുബന്ധം 3 പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് വ്യക്തികൾക്കുള്ള നോട്ടിഫിക്കേഷൻ (മംഗളം,)

അനുബന്ധം 4 പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് ആഘാത ബാധിത കുടുംബ ങ്ങൾക്കും കമ്പനികൾക്കും നൽകിയ നോട്ടീസ്

അനുബന്ധം 5 പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ ലിസ്റ്റ് (തൈക്കാട്, ഇരിങ്ങപ്പുറം വില്ലേജ്)

# പട്ടികകൾ


പട്ടിക 3.1 ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

പട്ടിക 4.1 ബാധിത ഭൂമിയുടെ ഏറ്റെടുക്കൽ

പട്ടിക 4.2 പദ്ധതിബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

പട്ടിക 4.3 സ്ഥല വ്യാപാരം

പട്ടിക 5.1 സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

പട്ടിക 5.2 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

പട്ടിക 5.3സ്ഥലം/വസ്തുവക ഉപയോഗം

പട്ടിക 5.4 വസ്തുവകകളുടെ വിവരപട്ടിക

പട്ടിക 5.5 ആഘാത വ്യാപ്തി

പട്ടിക 5.6 ശേഷിച്ച വസ്തുവിന്റെ പുനരുപയോഗം

പട്ടിക 6.1 കുടുംബ വിവരം

പട്ടിക 6.2 കുടുംബവരുമാന വിവരം

പട്ടിക 6.3 സ്ഥലമെടുപ്പ് മൂലം വരുമാനനഷ്ടമുള്ള കുടുംബം

പട്ടിക 6.4 റേഷൻ കാർഡുടമസ്ഥത

പട്ടിക 6.5 റേഷൻ കാർഡിന്റെ തരം

പട്ടിക 6.6. പ്രധാന വരുമാന മാർഗ്ഗം

പട്ടിക 6.7 ഭൂവിനിയോഗവും ഉപജീവനവും

## അദ്ധ്യായം -1

# നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഗുരുവായൂർ - തൃശൂർ റോഡിന്റെ പര്യവസാനകണ്ണിയായിട്ടാണ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ഗുരുവായൂർ ക്ഷേത്രത്തിനോടുള്ള സാമീപ്യം ഇതിന്റെ മതപരമായ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. ഹിന്ദു ആരാധനാമൂർത്തിയായ ഗുരുവായൂരപ്പനെ പ്രതിഷ്ഠിച്ചിട്ടുള്ളതാണ് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം. (ഹിന്ദുദൈവമായ വിഷ്ണുവിന്റെ അവതാരമാണ് ചതുർഭുജനായ ഗുരുവായൂരപ്പൻ) ക്ഷേത്രം കേരളസംസ്ഥാനത്തെ ഗുരുവായൂർ പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ ഹിന്ദുജനതയുടെ പ്രധാനപ്പെട്ട ആരാധനാകേന്ദ്രങ്ങളിലൊന്നായ് പ്രസ്തുത പ്രദേശം 'ഭൂമിയിലെ വിഷ്ണുവിന്റെ വിശുദ്ധമന്ദിരം' എന്ന് അർത്ഥമാക്കുന്ന 'ഭൂലോക വൈകുണ്ഡം' എന്നാണ് വിവക്ഷിക്കപ്പെടുന്നത്. ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയായ വിഷ്ണുവിനെ കൃഷ്ണാവതാരമായാണ് ആരാധിക്കപ്പെടുന്നത്. പാഞ്ചജന്യ ശംഖും, സുദർശന ചക്രവും, ഗദയും, ഒരു താമരപ്പൂവും വഹിച്ചുകൊണ്ട്, പവിത്രമായ തുളസിമാലയണിഞ്ഞ് നിലകൊള്ളുന്ന നാല് ഭുജങ്ങളുള്ള വിഷ്ണുവാണ് വിശിഷ്ടആരാധനാദേവൻ. കൃഷ്ണന്റെ പ്രചുരപ്രചാരമായ സാന്നിദ്ധ്യം മൂലം 'തെക്കൻ ഭാരതത്തിലെ ദ്വാരക' എന്നും ഈ ക്ഷേത്ര അറിയപ്പെടുന്നുണ്ട്. ആയതിനാൽ, ആയിരക്കണക്കിന ജനങ്ങളാണ് ദൈനംദിനം പൊതുഗതാഗത മാർഗ്ഗങ്ങളിലൂടെയും സ്വകാര്യവാഹനങ്ങളിലൂടേയും ക്ഷേത്രത്തിൽ എത്തിച്ചേരുന്നത്.

തൃശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽപ്പെട്ട തൈക്കാട് ഗ്രാമത്തിൽപ്പെട്ട 23-ാം വാർഡിലുള്ള വിവിധ സർവ്വേനമ്പരിലുള്ള 11.60 ആർസ് (0.116 ഹെക്ടർ) സ്ഥലമാണ് ഗുരുവായൂർ - ചാവക്കാട് റെയിൽവേ മേൽപ്പാലപദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. അരക്കിലോമീറ്റർ നീളവും 9.5 മീറ്റർ വീതിയും ആവശ്യത്തിന തൂണുകളും ഉള്ള പ്രസ്തുത പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ, നിലവിലുള്ള വെലൽ-ക്രോസ് ഇല്ലാതാകുകയും തദ്വാരാ ഗതാഗതക്കുരുക്ക് അഴിഞ്ഞുപോകു കയും ചെയ്യും.

'ഗുരുവായൂർ റെയിൽവെ മേൽപ്പാലം' എന്ന പേരിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്, 'വിരലിലെണ്ണാവുന്നത്ര ലെവൽ - ക്രോസ് - എന്ന റെയിൽവേയുടെ

നയപ്രകാരം, ഒട്ടനവധി ലെവൽ - ക്രോസുകൾ ഉന്മൂലനം ചെയ്യപ്പെടുകയും മേൽപ്പാലങ്ങൾ മുഖാന്തരം സമാന്തരപാതകൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഗുരുവായൂർ റെയിൽപ്പാതയിൽ ഇപ്പോൾ നിലനിൽക്കുന്ന ലെവൽ-ക്രോസ് അതിപുരാതനമായ ഒന്നാണ്. ഇക്കാലത്തെ തിരക്കുപിടിച്ച ഗതാഗതപ്രവാഹത്തിന ഇത് തീർച്ചയായും ഒരു തടസ്സം തന്നെയാണ്. വാഹനങ്ങളുടെ പെരുപ്പത്തിനനുസരിച്ച് റോഡുകൾ വികസിക്കാതിരിക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടാണെന്നത് ഒരു യാഥാർത്ഥ്യമാണ്.

ലെവൽ-ക്രോസ്സിലെ നീണ്ട കാത്തുകിടപ്പ് മുഖാന്തരം നാട്ടുകാർക്ക് തൊട്ടടുത്ത സ്ഥലങ്ങളിൽപോലും പോകാൻ പ്രയാസമാകുമ്പോൾ, ദീർഘദൂര യാത്രക്കാരുടെ കഷ്ടത പറയേണ്ടതില്ലല്ലോ. ക്ഷേത്രത്തിന്റെ പ്രധാനകവാടമായ കിഴക്കേനടയിലേക്ക് പ്രസിദ്ധമായ ചോറ്റാനിക്കര റോഡിലേക്കും പോകാനുള്ള പ്രധാനറോഡ് ഇതാണ്. ചുരുക്കത്തിൽ, ഗുരുവായൂർ റെയിൽവേ മേൽപ്പാലം സകലർക്കും ഉപകാരപ്രദവും ഒരു അനിവാര്യതയുമാണ്.

## 1.2. പദ്ധതി പ്രദേശം

തൃശ്ശൂർ ജില്ലയിലെ തൈക്കാട് ഗ്രാമത്തിൽ ഉൾപ്പെട്ട ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 23-ാം വാർഡിലെ (സർവ്വേ നമ്പർ 2, 3, 4 ചാവക്കാട് താലൂക്കിലെ ഇരിങ്ങപ്പുറം ഗ്രാമത്തിലെ (170, 171, 174) ഉൾപ്പടെ മൊത്തം 32 സർവ്വേ നമ്പരിൽപ്പെട്ട (ഉപനമ്പരുകൾ ഉൾപ്പടെ) 0.116 ഹെക്ടർ സ്ഥലമാണ് ഗുരുവായൂർ - റെയിൽവെ മേൽപ്പാലം പദ്ധതിക്കായി ഏറ്റെടുക്കാനുദ്ദേ ശിക്കുന്നത്.

## 1.3 ഏറ്റെടുക്കുന്ന വസ്തുവിന്റെ വലിപ്പവും പ്രത്യേകതയും

നിലവിലെ റോഡ് ഒഴിച്ച് ബാക്കിയുള്ള 0.116 ഹെക്ടർ ഏറ്റെടുത്ത സ്ഥലമാണ് പദ്ധതി യ്ക്കാവശ്യം. റോഡ് പദ്ധതിയുടെ ഭാഗമായതിനാൽ, ഏറ്റെടുക്കൽ നടപടിയിൽ അത്രമാത്രം കുറവുണ്ട്.

## 1.4 പരിഗണിക്കപ്പെട്ടിട്ടുള്ള ഇതര മാർഗങ്ങൾ

മേൽപ്പാലത്തിന്റേയും അനുബന്ധ റോഡിന്റേയും നിർമ്മാണത്തിനുതകുന്ന നിരവധി രൂപരേഖകളും മാതൃകകളും പഠനസംഘം പരിശോധിക്കുകയുണ്ടായി. പ്രധാന ശുപാർശകര മായ സ്ഥലം എം.എൽ.എ.; മുനിലിപ്പാലിറ്റി അദ്ധ്യക്ഷൻ, സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവരോട് യോജിച്ച് പറയുകയാണെങ്കിൽ, മുന്നോട്ടുവെച്ച നിർദ്ദേശങ്ങളിൽ ഏറ്റവും അനു യോജ്യമായ രൂപരേഖ ഇപ്പോൾ തിരഞ്ഞെടുത്തതാണ്; കാരണം ഇപ്പോഴത്തെ കൂട്ടിച്ചേർക്ക

ലിന നിലവിലെ റോഡിന പുറമെ, 0.116 ഹെക്ടർ സ്ഥലത്തിന്റെ ആവശ്യമേയുള്ളൂ. കൂടാതെ പാലം പണി റോഡ് ഗതാഗതത്തെ തടസ്സപ്പെടുത്താത്തതിനാൽ, മറുവഴിയുടെ ആവശ്യവുമില്ല. പ്രശ്നബാധിതരിൽ കുറെപ്പേർ നിർദ്ദേശിച്ച സാധ്യമായ മറുവഴി, കച്ചവട സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടേയും മുൻവശം ഏറ്റെടുക്കേണ്ടതില്ലാത്ത റോഡിന സമാന്തരമായ വഴിയാണ്. ഇത് ഭൂരിഭാഗവും മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള തുറസ്സായ ഭൂമിയാണ്. പ്രശ്നബാധിതരുടെ മറ്റൊരു നിർദ്ദേശം മേൽപ്പാലത്തിന പകരമായി, ഒരു തുരങ്കപാത എന്നതായിരുന്നു: അപ്പോൾ കച്ചവടസ്ഥാപനങ്ങളുടെ മുൻവശത്തെ ബാധിക്കുകയുമില്ല.

**ബാധിതസ്ഥലം/വസ്തുവക വിവരം, പട്ടിക സഹിതം**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂഉടമയുടെ പേര് | സ്ഥലം/ വീട് അളവ് | ആഘാതം |
|---|---|---|---|---|
| 1 | 170/4B, 171/6, 170/2A | ആർ.വി. ആരിഫ്ഖാൻ/ മറ്റുള്ളവർ | 0.00087<br>0.00569<br>0.0043 | രണ്ട് കെട്ടിടങ്ങളുടെ മുൻഭാഗവും ഒരു പെട്രോൾ പമ്പും - ബാങ്ക്, വ്യാപാരസ്ഥാപനങ്ങളെ അന്യതമായി ബാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു - 180 ആളുകളുടെ ഉപജീവനത്തെ ബാധിക്കുന്നു. |
| 2 | 171/8C | വിലാസ് പി.എച്ച് | 0.0030 | മുൻവശവും പാർക്കിങ്ങ് സ്ഥലവും ബാധിതമാകയാൽ വ്യാപാരത്തിന ദൂഷ്യം ചെയ്യും. |
| 3 | 171/8C | എൻ. കൃഷ്ണദാസ് | 0.0056 | കിണറും സ്ഥലവും, ഒരു തെങ്ങ്, പമ്പ് സെറ്റ്, മതിൽ എന്നിവയെ ബാധിക്കും |
| 4 | 171/8C | എൻ. നാരായണൻ നായർ | 0.0078 | മുൻവശത്തെ വാതിൽ നഷ്ടമാകും. 1 തെങ്ങ്, 1 കൽക്കിണർ |
| 5 | 171/8C | ദിനേഷ് നായർ, മറ്റുള്ളവർ | 0.0100 | മതിൽ, ഇരുമ്പ് ഗേറ്റ്, 1 മാവ് |
| 6 | 171/8C | കരുണാകരൻ മറ്റുള്ളവർ | 0.0084 | മറുപടി നൽകാൻ താൽപര്യമില്ല. |
| 7 | 171/8C | കെ.ഡി. സുനിൽകുമാർ | 0.0001 | യഥാർത്ഥ ഉടമസ്ഥൻ മരിച്ചുപോയി. സുനിൽകുമാർ |

| | | | | |
|---|---|---|---|---|
| | | മറ്റുള്ളവർ | | പാട്ടത്തിനെടുത്തിരിക്കുകയാണ്. അവകാശികൾ തർക്കത്തിലാണ്. |
| 8 | 171/8C, 171/14C | എ.റ്റി. മൊയ്തുണ്ണി, മറ്റുള്ളവർ | 0.0154 | കെട്ടിടത്തിന്റെ മുൻഭാഗം - 6 കച്ചവടസ്ഥാപനങ്ങളെ ബാധിക്കും. 21 പേരുടെ ഉപജീവനമാർഗ്ഗം. വ്യാപാരനഷ്ടത്തിനനുസരണമായ നഷ്ടപരിഹാരം |
| 9 | 171/14C | പി.വി. അബ്ദുള്ള | 0.011 | കടയുടെ മുൻഭാഗവും 5 കച്ചവടസ്ഥാപനങ്ങളും ജോലിക്കാരുടെ ഉപജീവനത്തെ ബാധിച്ചേക്കാം. |
| 10 | 171/14C | നിര്യാതനായ ഇബ്രാഹീംകുട്ടി | 0.0002 | കടയുടെ മുൻഭാഗത്തെ ബാധിക്കുന്നതിനാൽ കച്ചവടത്തിൽ ഇടിവ് പ്രതീക്ഷിക്കാം. |
| 11 | 171/11C<br>171/14E | മീരാവുക്ക മകൻ അസീം | 0.0014<br>0.0048 | മുൻഭാഗം നഷ്ടമാകുന്നതിനാൽ 10 കടകളേയും ഒരു സർവ്വീസ് സെന്ററിനെയും ബാധിക്കും. 56 ജോലിക്കാരുടെ ഉപജീവനത്തെ ബാധിക്കും. വാടകക്കാർ വിട്ടുപോകാൻ സാധ്യതയുള്ളതിനാൽ നിക്ഷേപതുക ആവശ്യപ്പെടും |
| 12 | 2/2B | ബാലകൃഷ്ണൻ നായരും മക്കളും | 0.0088 | റോഡരികിലുള്ള സ്ഥലവും മതിലും നഷ്ടമാകും. ന്യായമായ നഷ്ടപരിഹാരം ആവശ്യപ്പെടുന്നു. |
| 13 | 2/2B<br>4/3A<br>2/1B | ആർ.വി. ഖാലിദ് | 0.0029 | റോഡരികിലുള്ള മതിലും ഗേറ്റും നഷ്ടമാകുന്നതിനാൽ, മതിയായ വീട്ടിലേക്കുള്ള പ്രവേശനകവാടവും ന്യായമായ നഷ്ടപരിഹാരവും വേണം. |
| 14 | 4/10 | മുഹമ്മദ് യാസ്സിൻ | 0.0044 | മതിലും ഗേറ്റും സ്ഥലവും നഷ്ടമാകും. റോഡിന്റെ തരംതിരിവ് അനുസരിച്ച് പാലത്തിന്റെ ഉയരം കുറച്ചാൽ ആഘാതമില്ലാതാക്കാൻ സാധിക്കും. |
| 15 | 4/10 | ദേവയാനി പുതുശ്ശേരി | 0.0013<br>0.0019 | കൃഷിസ്ഥലം |
| 16 | 2/1B | ആർ.വി. മുഹമ്മദ് | 0.0045 | ഹോട്ടൽ സമുച്ചയത്തിന്റെ മുൻവശം നഷ്ടമാകും. പ്രതിമാസ നഷ്ടം |

| | | | | |
|---|---|---|---|---|
| | | | | 20,20,000 രൂപയായി കണക്കാക്കപ്പെടുന്നു. |
| 17 | 174/11A | ബൈജു ഗോപാലൻ | 0.0048 | റോഡരികിലുള്ള സ്ഥലത്തിന്റെ മുൻവശം നഷ്ടം. റോഡിലേക്ക് നല്ല വഴി നൽകണം. |
| 18 | 171/8A | രാധ, ദേവി നിവാസ് | 0.001 | അളവ് രേഖ പ്രകാരം സ്ഥലം നഷ്ടമാകുന്നില്ലെന്ന് അിറയിച്ചു |
| 19 | 171/5/A | കാനൂസ്, ഡോ. സനൂജ് | 0.002 | മുൻവശം നഷ്ടമാകുന്നതിനാൽ വ്യാപാരം കുറയും. സ്ഥലം വിട്ടുനൽകാൻ തയ്യാറല്ല |
| 20 | 170/3A | ഹേമലത വേണുഗോപാൽ | 0.007 | ഫെഡറൽ ബാങ്ക് ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ മുൻവശം. |
| 21 | 170/2A | ജയശ്രീയും മറ്റുള്ളവരും | 0.0014 | ലോഡ്ജിന്റെ മുൻഭാഗം നഷ്ടമാകുന്നതിനാൽ വരുമാനനഷ്ടം, ഉയരം കുറയ്ക്കുക, അല്ലെങ്കിൽ മറ്റുമാർഗ്ഗമന്വേഷിക്കുക. 6 മീറ്റർ നീളത്തിൽ ഓടസഹിതമുള്ള വഴി റോഡിലേക്ക് നൽകുക |
| 22 | 170/2A | സ്വകാര്യ റോഡ് | 0.0001 | ശരിയായ വഴിസൗകര്യം നൽകുക |
| 23 | 170/2A | അമിതയും മറ്റുള്ളവരും | 0.0004 | കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തപാൽവഴി ബന്ധപ്പെടാൻ ശ്രമിച്ചിട്ട് മറുപടി ഇല്ല |
| 24 | 170/2A | സ്വകാര്യ റോഡ് | 0.0001 | ശരിയായ വഴി സൗകര്യം നൽകുക |
| 25 | 170/1/A3 | മുനിസിപ്പാലിറ്റി റോഡ് | 0.0002 | ശരിയായ വഴി സൗകര്യം നൽകുക |
| 26 | 170/1/A3 | സെക്രട്ടറി മുനിസിപ്പാലിറ്റി പാർക്ക് | 0.0002 | കുട്ടികളുടെ പാർക്കിന്റെ നഷ്ടം - RFCTLARR നിയമ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. മെട്രോ മാതൃകയിലുള്ള ഒറ്റത്തൂൺ സമ്പ്രദായത്തിലുള്ള പാലം പണിയുക. |
| | ആകെ | | 0.1105 | |

**1.5 സാമൂഹ്യാഘാതവും ലഘൂകരണനടപടികളും**

RFCTLARR നിയമം, 2013-ന്റെ അപഗ്രഥനത്തിലും അവലോകനത്തിലും പ്രകടമാകുന്നത്, സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന, സ്ഥലമെടുപ്പ് സംബന്ധിച്ച് നഷ്ടപരിഹാരവകുപ്പുകൾ തൃപ്തികരമാണെന്നാണ്. നഷ്ടപരിഹാരവിതരണം എത്രയും വേഗത്തിൽ വേണമെന്നാണ് ശുപാർശ ചെയ്യുന്നത്.

**സംഭവ്യമായ ആഘാതത്തിന്റേയും ലഘൂകരണ നടപടികളുടേയും വിശദവിവരങ്ങൾ**

| ക്രമ നമ്പർ | ആഘാതരീതി | നേരിട്ട്/അന്യഥായുള്ള അവസ്ഥ | നിർദ്ദിഷ്ട ലഘുകരണം നടപടി |
|---|---|---|---|
| 1 | സ്ഥലനഷ്ടം | 13 ഉടമസ്ഥതകളെ ബാധിക്കും. നേരിട്ടുള്ള ആഘാതം | RFCTLARR നിയമം, 2013 പ്രകാരമുള്ള നഷ്ടപരിഹാരം |
| 2 | നിർമ്മിത സ്ഥലത്തിന്റെ നഷ്ടം/നാശം | മുൻസിപ്പാലിറ്റിപാർക്കിന്റെയും, കടകളുടെ മൂൻഭാഗത്തിന്റേയും നഷ്ടം നേരിട്ടുള്ള ആഘാതം | RFCTLARR നിയമം, 2013 പ്രകാരമുള്ള നഷ്ടപരിഹാരം |
| 3 | ഫലഭൂയിഷ്ടമായ വസ്തുവിന്റെ നഷ്ടം | തെങ്ങുകളുടെ നഷ്ടം - നേരിട്ടുള്ള ആഘാതം | RFCTLARR നിയമം, 2013 പ്രകാരമുള്ള നഷ്ടപരിഹാരം |
| 4 | ജീവനോപാധിയുടെ നഷ്ടം | വാഹന സർവ്വീസ് സെന്ററിന്റെ പ്രവർത്തനം നിലയ്ക്കുന്നു. നേരിട്ടുള്ള ആഘാതം. മുൻഭാഗ വും പാർക്കിങ്ങ് സൗകര്യവും നഷ്ടമാകുന്നതിനാൽ ബാധിതരായ എല്ലാവരുടേയും വ്യാപാരത്തെനുണ്ടാകുന്ന നേരിട്ടല്ലാത്ത ആഘാതം | പുതിയ പാർക്കിങ്ങ് സൗകര്യം സമീപകാലത്ത് ഒരുക്കുക. നഷ്ടപരിഹാരം നിയമം 2013 പ്രകാരം |
| 5 | പൊതുജനസേവനകേന്ദ്ര ങ്ങളുടെ നഷ്ടം | ഏതാനും ബാങ്കുകളും എടിഎം. കേന്ദ്രങ്ങളും സ്ഥലത്ത് ഉണ്ട്. | അവയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക |
| 6 | പൊതുജനസേവനകേന്ദ്ര ങ്ങളിലേക്കും പൊതുവസ്തുക്കളി ലേക്കുമുള്ളവഴിയുടെ നഷ്ടം | മുനിസിപ്പാലിറ്റി വക കുട്ടികളുടെ പാർക്കിനെ ബാധിക്കും | പകരം പാർക്ക് നിർമ്മിക്കുവാൻ നിയമം - 2013 പ്രകാരം നഷ്ടപരിഹാരം നൽകുക |

പ്രത്യേക ശ്രദ്ധയ്ക്ക്: മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.

## അദ്ധ്യായം -2

# വിശദമായ പദ്ധതി വിവരണം

### 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

തൃശ്ശൂർ ജില്ലയിലെ തൈക്കാട് ഗ്രാമത്തിൽ ഉൾപ്പെട്ട ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 23-ാം വാർഡിലെ (സർവ്വേ നമ്പർ 2, 3, 4 ചാവക്കാട് താലൂക്കിലെ ഇരിങ്ങപ്പുറം ഗ്രാമത്തിലെ (170, 171, 174) ഉൾപ്പടെ മൊത്തം 32 സർവ്വേ നമ്പരിൽപ്പെട്ട (ഉപനമ്പരുകൾ ഉൾപ്പടെ) 0.116 ഹെക്ടർ സ്ഥലമാണ് ഗുരുവായൂർ - റെയിൽവെ മേൽപ്പാലം പദ്ധതിക്കായി ഏറ്റെടുക്കാനുദ്ദേ ശിക്കുന്നത്. ആവശ്യമുള്ളിടത്ത് തൂണുകളോടുകൂടിയ 1/2 കിലോമീറ്റർ നീളവും 9.5 മീറ്റർ വീതിയുമുള്ള പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ, നിലവിലുള്ള ലെവൽക്രോസ് ഇല്ലാതാകു കയും തദ്വാരാ ഗതാഗതതടസ്സം ഒഴിവാകുകയും ചെയ്യുന്നു.

നിർദ്ദിഷ്ട മേൽപ്പാലം പദ്ധതിയുടെ നിർമ്മാണം ധാരാളം പ്രശ്നങ്ങൾക്കാണ് പരിഹാര മാകുന്നത്. മേൽപ്പാലത്തിന്റേയും അനുബന്ധ റോഡിന്റേയും നിർമ്മാണത്തിനായി ഏറ്റെടു ക്കുന്ന ഭൂമിയുടെ ഭൂരിഭാഗവും സ്വകാര്യ കൈവശമുള്ളവയാണ്.

സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം, മാറ്റി പാർപ്പിക്കൽ എന്നിവയിലെ ന്യായമായ നഷ്ടപരിഹാരത്തിനും വ്യക്തതയ്ക്കുമുള്ള അവകാശം നൽകുന്ന 2013 നിയമത്തിൽ, മേൽപ്പ റഞ്ഞവ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങളും ചട്ടങ്ങളും അടങ്ങിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപ്പിലാക്കുന്നതിന് മുമ്പായി സാമൂഹ്യാഘാത വിലയിരുത്തൽ പഠനം നടത്തുവാൻ ആവശ്യ പ്പെടാനുള്ള അവകാശവും ആഘാതബാധിതരായ ഏതൊരു ഇൻഡ്യൻ പൗരനും, നിയമ ത്തിന്റെ വിഭാഗം 4-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

റെയിൽവെയുടെ 'ദുർലഭ ലെവൽ ക്രോസ്' എന്ന നയമനുസരിച്ച്, നിലവിലുള്ള നിര വധി ഗേറ്റുകൾ അടച്ചുപൂട്ടുകയും പുതിയ പാളങ്ങൾക്കുവേണ്ടി മറുമാർഗ്ഗങ്ങൾ സ്വീകരിക്കു കയും ചെയ്തുവരുന്നു. ഗുരുവായൂരിലെ നിർമ്മാണ സ്ഥലത്ത് പുരാതനമായ ഒരു ലെവൽക്രോസ് ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്. നീണ്ട കാത്തുകിടപ്പ് കാരണം തദ്ദേശി കൾക്കുപോലും അടുത്തുള്ള സ്ഥലങ്ങളിലെത്തിച്ചേരാൻ വലിയ താമസമാണ് നേരിടേണ്ടിവരു ന്നത്. അപ്പോൾ ദൂരയാത്രികരുടെ കാര്യം പറയേണ്ടതില്ലല്ലോ. ഇപ്രകാരമാണ് ഗുരുവായൂർ മേൽപ്പാലം സകലർക്കും ഉപകാരപ്രദമാകുന്നത്.

## 2.2 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചിലവ് തുടങ്ങിയ വിവരങ്ങൾ

ഗുരുവായൂർ റെയിൽവെ മേൽപ്പാലം പദ്ധതിക്ക് വേണ്ടത് 0.116 ഹെക്ടർ സ്ഥലമാണ്. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽപ്പെട്ട ഇരിങ്ങപുറം, തൈക്കാട് ഗ്രാമങ്ങളിലുള്ള 32 സർവ്വേ നമ്പരിൽപ്പെട്ട 26 കൈവശഭൂമികളാണ് ഇതിൽ ഉൾപ്പെടുന്നത്. ഓരോരുത്തർക്കും ഓരോ വാഹനമുള്ള സ്ഥിതിക്ക് യാത്രാസൗകര്യക്കുറവാണ് ജനങ്ങൾ നേരിടുന്ന വലിയ പ്രശ്നം. പ്രസിദ്ധമായ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നുള്ള ധാരാളം ജനങ്ങൾ കടന്നുപോകുന്നത് ഇതുവഴിയാണ്. ഈ യാത്രക്കാരുടെ ഗതാഗതദുരിതം കുറയ്ക്കുന്നത് ലക്ഷ്യമാക്കിയാണ് ഗുരുവായൂർ മേൽപ്പാലം പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

നിർദ്ദിഷ്ട പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ചുമതല റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനാണ്. മതിപ്പ് ചിലവ് 21.5 കോടി രൂപയാണ്; തുകയുടെ പകുതി മുടക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

## 2.3 ഇതരമാർഗ്ഗങ്ങൾക്കായുള്ള അന്വേഷണം

മേൽപ്പാലവും അനുബന്ധറോഡും നിർമ്മിക്കാൻ അനുയോജ്യമായ നിരവധി പദ്ധതികളും രൂപരേഖകളും പഠനസംഘം പരിശോധിക്കുകയുണ്ടായി. പ്രധാന വിവരദാതാക്കളായ് സ്ഥലം എം.എൽ.എ. മുനിസിപ്പൽ അദ്ധ്യക്ഷൻ, മുനിസിപ്പൽ സെക്രട്ടറി, വില്ലേജ് ഓഫീസർ, മറ്റ് പ്രയോജകർ എന്നിവരുടെ അഭിപ്രായത്തിൽ ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന പദ്ധതിയാണ് ഏറ്റവും അനുയോജ്യമായത്. നിലവിലുള്ള റോഡ് (സ്ഥലം) കൂടാതെ അധികമായി 0.116 ഹെക്ടർ സ്ഥലം മാത്രം മതിയാകും ഇപ്പോഴത്തെ പദ്ധതിക്ക്. മേൽപ്പാലനിർമ്മാണം നിലവിലെ റോഡിൻമേലായതിനാൽ, മറ്റൊരു പാതയുടെ ആവശ്യമില്ല. വ്യാപാരസ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടേയും ദർശനം നഷ്ടമാകാതിരിക്കാൻ, ഏതാനും പ്രശ്നബാധിതർ നിർദ്ദേശിച്ചത് ഒരു സമാന്തരറോഡാണ്. ഈ നിർദ്ദിഷ്ട സ്ഥലം മുനിസിപ്പാലിറ്റിയുടേയും മറ്റു കുറെ ആളുകളുടേയും ഉടമസ്ഥതയിലുള്ള ഏറിയതും തുറസ്സായ ഒരു ഭൂമിയാണ്. പ്രശ്നബാധിതർ നിർദ്ദേശിച്ച മറ്റൊരു വഴി മേൽപ്പാലത്തിന പകരം ഒരു തുരങ്കപാതയാണ്. സ്ഥലത്തിന്റെ ഭൂപടം വച്ചിട്ടുണ്ട്.

## 2.4 പദ്ധതിയുടെ നിർമ്മാണ പുരോഗതി

മേൽപാലവും അതിന്റെ പോഷകറോഡുകളുമടങ്ങിയതാണ് ഗുരുവായൂർ റെയിൽവെ മേൽപ്പാലം പദ്ധതി. സംസ്ഥാന സർക്കാറിന്റെ കീഴിലാണ് സ്ഥലമേറ്റെടുക്കലും നിർമ്മാണ

പ്രവർത്തനങ്ങളും. ഏറ്റെടുക്കൽ പൂർത്തിയായശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുകയുള്ളൂ.

### 2.5 പരിസ്ഥിതി ആഘാത വിലയിരുത്തൽ

ഗുരുവായൂർ മേൽപ്പാലപദ്ധതിക്ക് പരിസ്ഥിതി ആഘാത വിലയിരുത്തൽ ആവശ്യമില്ല.

### 2.6 ആവശ്യമായ തൊഴിൽ ശക്തി

തൊഴിലിന ആധുനിക യന്ത്രങ്ങളും വിദഗ്ദ്ധ അർത്ഥ വിദഗ്ദ്ധ, അവിദഗ്ദ തൊഴിലാളികളടങ്ങിയ മനുഷ്യശേഷിയുടെ ആസൂത്രണം ആവശ്യമാണ്.

### 2.7 അനുബന്ധ ഘടനാസൗകര്യങ്ങളുടെ ആവശ്യം

നിർമ്മാണ ജോലികളുടെ സൗകര്യത്തിനായി ഇപ്പോഴത്തെ ഗതാഗതം നിയന്ത്രിച്ച് മറ്റുവഴികളിലൂടെ മാറ്റിവിടണമെന്നുമാത്രം.

### 2.8 ബാധകമായ നിയമങ്ങളും ചട്ടങ്ങളും

നിർദ്ദിഷ്ട വികസനപദ്ധതി നടപ്പാക്കേണ്ടത് പ്രകൃതിയുടെ അവസ്ഥയ്ക്കോ, ജനജീവിതോപാധിയ്ക്കോ, പ്രകൃതി വിഭവങ്ങൾക്കോ, പൊതുജനാരോഗ്യത്തിനോ, സുരക്ഷയ്ക്കോ കോട്ടം തട്ടാതെയായിരിക്കണമെന്ന് ഉറപ്പ് വരുത്തേണ്ട നിയമപരവും സാമൂഹ്യവുമായ ചുമതല പ്രയോഗകന ഉണ്ടെന്നാണ് സാമൂഹ്യ-സാമ്പത്തികാഘാതത്തെ സംബന്ധിച്ച ദേശീയ ചട്ടങ്ങളും നിയന്ത്രണങ്ങളും നിർദ്ദേശിക്കുന്നത്. ഈ നിലപാട് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ സുസ്ഥിര നിർമ്മാണത്തിന ഒരടിസ്ഥാനമാനദണ്ഡം മുന്നോട്ടുവയ്ക്കുവാൻ വേണ്ടിയുള്ള സാമൂഹ്യാഘാതപഠനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള പ്രധാന നിയമനിർമ്മാണ വിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്നു:-

- RFCTLARR നിയമം 2013
- RFCTLARR നിയമം (കേരളാ) ചട്ടങ്ങൾ 2015
- കേരള സർക്കാർ - റവന്യൂവകുപ്പ് - സംസ്ഥാനയം
- വിവരാവകാശനിയമം, 2005
- വികലാംഗാവകാശനിയമം, 2016

### 2.9 RFCTLARR നിയമം 2013

''ഏതെങ്കിലും പൊതു ഉദ്ദേശത്തിനുവേണ്ടി, ഏതെങ്കിലും പ്രദേശത്ത് സ്ഥലം ആവശ്യമായി വരികയോ, ആവശ്യമായി വരാൻ സാധ്യതയുണ്ടാകുകയോ ചെയ്താൽ, ബന്ധപ്പെട്ട സർക്കാർ, പ്രസ്തുതസ്ഥലത്തിന്റെ വിശദവിവരങ്ങളടങ്ങിയ അറിയിപ്പ് സർക്കാർ ഗസ്റ്റ്, ദിനപ്പത്രങ്ങൾ, സർക്കാർ വെബ്സൈറ്റ് എന്നിവയിൽ പ്രസിദ്ധീകരിക്കുകയും പ്രദേശത്തെ പ്രശ്നബാധിതരെ അറിയിക്കുകയും വേണം.' (RFCTLARR Act, SEC, 11) എന്നാണ് കേന്ദ്രനിയമത്തിലെ 4-ാം അധ്യായത്തിന്റെ 11-ാം വിഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. പ്രശ്നബാധിത കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം, പൊതുജന - സാമൂദായിക വസ്തുവകകൾ, സ്വത്തുക്കൾ, അനുബന്ധ നിർമ്മാണങ്ങൾ, പ്രത്യേകിച്ച് റോഡുകൾ, പൊതുഗതാഗതം എന്നിവയെ പദ്ധതി പ്രകാരം ബാധിക്കുമെന്ന് പഠിക്കുവാൻ, പദ്ധതി പ്രദേശത്ത് ഒരു സാമൂഹ്യാഘാത വിലയിരുത്തൽ പഠനം, സ്ഥലമേറ്റെടുക്കലിന മുമ്പായി നിർബന്ധമായും നടത്തണമെന്നാണ് നിയമത്തിന്റെ 4-ാം വിഭാഗം നിഷ്ക്കർഷിക്കുന്നത്. അതുപോലെതന്നെ, ഏറ്റെടുക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട ബാധിതരായ സകല വ്യക്തികൾക്കും ന്യായമായ നഷ്ടപരിഹാരം യഥാസമയം, നിയമത്തിന്റെ 28, 29, 30 വിഭാഗത്തിലെ, താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡപ്രകാരം കൊടുത്തു തീർക്കേണ്ടതാണ്.

- ❖ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം
- ❖ ജില്ലാകളക്ടർ നിശ്ചയിച്ച പ്രകാരമുള്ള വസ്തുവിന്റെ മാർക്കറ്റ് വില
- ❖ ഭൂമിയോ കെട്ടിടവുമായോ ബന്ധപ്പെട്ട സാധനങ്ങളുടെ വില.
- ❖ സ്ഥലവുമായുള്ള ബന്ധം വിഛേദിക്കപ്പെട്ടതിനാൽ ഭൂമിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ
- ❖ സ്ഥലമേറ്റെടുപ്പ് മൂലം മറ്റ് വസ്തുവകകൾക്ക് സംഭവിക്കുന്ന നഷ്ടങ്ങൾ.
- ❖ ഭൂഉടമകളുടെ വീടോ കച്ചവടസ്ഥലമോ മാറേണ്ടിവരുമ്പോൾ ഉണ്ടാകുന്ന അനന്തരനഷ്ടങ്ങൾ
- ❖ ഏറ്റെടുപ്പുമൂലം സംജാതമാകുന്ന വരുമാനക്കുറവ്
- ❖ നഷ്ടപരിഹാരദാന നിർവ്വഹണം
- ❖ സാമൂഹ്യാഘാതവിലയിരുത്തൽ പഠന അറിയിപ്പ് പ്രസിദ്ധീകരിച്ച തീയതിമുതൽ തുടങ്ങുന്ന മാർക്കറ്റ് വിലപ്രകാരമുള്ള കുറഞ്ഞ വാർഷിക 12% നിരക്കിലുള്ള പലിശകൊടുത്തു തീർക്കൽ

നിർദ്ദിഷ്ട പദ്ധതി മൂലം ബാധിതരാകുന്നവരുടെ വിലയിരുത്തലിനും ലഘൂകരണ നടപടികൾ നിശ്ചയിക്കാനുമാണ് അവതാരകൻ പഠനം നടത്തിയത്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ അവതാരകൻ കർശനമായി പാലിച്ചിട്ടുണ്ട്.

## അദ്ധ്യായം –3

# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

### 3.1 പശ്ചാത്തലം

4.9.2018–ാം തീയതിയിലെ കേരളാഗസ്റ്റ് വിജ്ഞാപനം D-1297/2017 പ്രകാരം 7.8.2018–ൽ തൃശൂർ ജില്ലാഭരണം E-2-2410/18(2) (51186/17) എന്ന ഉത്തരവാണ്, യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവ്വീസ് സെന്റർ, എം.എ. കോളേജ് പി.ഒ., കോതമംഗലം എന്ന സ്ഥാപനത്തിന്റെ SIA യെ ഘടകത്തെയാണ്, ഗുരുവായൂർ മേൽപ്പാലപദ്ധതിക്ക് വേണ്ടി സാമൂഹ്യാഘാത വിലയിരുത്തൽ പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ബാധിതമായ ഭൂമി, നിർമ്മിതകൾ എന്നിവയുടെ കണക്കെടുക്കുക, ബാധിത കുടുംബങ്ങളേയും വ്യക്തികളേയും കണ്ടെത്തുക, അതനുസരിച്ച് ഒരുസാമൂഹ്യഘാതനിർവ്വാഹക പദ്ധതി (SIMP) തയ്യാറാക്കുക, എന്നിവയാണ് SIA യുടെ ലക്ഷ്യം. ഇതിലേക്കായി പ്രാഥമികവും രണ്ടാംതരവുമായ സ്രോതസ്സുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. SIA യുടെ പ്രവർത്തനഭാഗമായി, പരിചയസമ്പന്നരായ അംഗങ്ങൾ പദ്ധതിയുടെ ദൂഷ്യഫലങ്ങൾ വിലയിരുത്തുവാനായി ഒരു വിശദമായ സാമൂഹ്യ-സാമ്പത്തിക പഠനംനടത്തുകയുണ്ടായി.

### 3.2 പഠന സംഘത്തെപ്പറ്റിയുള്ള വിവരം

പഠന സംഘത്തിന്റെ തലവൻ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറാണ്. സാമൂഹ്യാഘാതപഠനങ്ങളും സാമൂഹ്യ – സാമ്പത്തിക സർവ്വേകളും നടത്തുന്നതിൽ പരിചയസമ്പന്നരായ 5 അംഗങ്ങളടങ്ങിയ ഒരു സംഘത്തെ, വിവരശേഖരണം, വിവരവിനിയോഗ മേൽനോട്ടം, ഏകോപനം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി നിയോഗിച്ചു. ബാധിതകുടുംബങ്ങളെ കണ്ടെത്തുന്നതിൽ, സംഘാംഗങ്ങളെ റവന്യൂവകുപ്പിലെ പ്രതിനിധികൾ സഹായിച്ചു.

**പഠനസംഘാംഗങ്ങൾ**

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, Director<br>22 വർഷത്തെ SIA യൂണിറ്റിൽ പ്രവർത്തി പരിചയം |
| 2. | സെബാസ്റ്റ്യൻ കെ.വി. | MSW, M.PHIL, ടീം ലീഡർ- SIA യൂണിറ്റിൽ പ്രവർത്തി പരിചയം, പ്രൊജക്റ്റ് കോർഡിനേറ്റർ, |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5. | മിനി ജിബിഷ് | വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

### 3.3 സാമൂഹ്യ പ്രത്യാഘാത നിർണ്ണയവും സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം തയ്യാറാക്കൽ പ്രക്രിയയും

സ്പെഷ്യൽ തഹസിൽദാർ ജനറൽ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടേയും പദ്ധതി രൂപ രേഖയുടേയും സഹായത്തോടെ പഠന സംഘത്തിന് പ്രശ്നബാധിത പ്രദേശം കണ്ടെത്താനായി. വിശദമായ പഠനത്തിന് മുമ്പുതന്നെ, സാമൂഹ്യ - സാമ്പത്തിക അവലോകനത്തിന് വേണ്ടിയുള്ള സ്ഥല സന്ദർശനങ്ങളും പരീക്ഷണ പഠനവും നടത്തി. വിവരശേഖരണത്തിനുവേണ്ടി അഭിമുഖ ക്രമം തയ്യാറാക്കി പ്രശ്നബാധിതരുടെ പ്രതികരണ വിവരങ്ങൾ മനസ്സിലാക്കി. ശരിയായ രേഖകളുടെ സഹായത്തോടെ ലഭിച്ച വിവരങ്ങൾ ഒത്തുനോക്കി. വിവരങ്ങളുടെ ഉപ സ്രോതസ്സുകളിൽനിന്ന് പദ്ധതി പ്രദേശത്തിന്റെ ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക സ്ഥിതിയെപ്പറ്റിയുള്ള അവബോധം ലഭിക്കുകയുണ്ടായി. ചോദ്യാവലിയിൽ ധാരാളം മുൻകൂർ തയ്യാറാക്കിയ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ചോദ്യാവലി പൂരിപ്പിക്കുന്നതിന് മുമ്പായി, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകവഴി കക്ഷികൾ പ്രശ്നബാധിത പ്രദേശത്തുള്ളവരാണെന്ന് ഉറപ്പുവരുത്തുവാൻ പഠന സംഘത്തിന് സാധിച്ചു.

പൂരിപ്പിച്ച ചോദ്യാവലികൾ ഏകോപിപ്പിച്ച് ഡേറ്റാബേസിൽ ചേർത്തു. വിവരങ്ങൾ കാലാനുഗതം പുതുക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

SIA SIMP തയ്യാറാക്കിയത് താഴെപ്പറയുന്ന ആവശ്യഘടകങ്ങളും നടപടിക്രമങ്ങളും പാലിച്ചാണ്: (1) പദ്ധതികളുടെ സാമൂഹ്യ - സാമ്പത്തിക ആഘാത വിവരം (2) സ്ഥലമേറ്റെടുക്കലിനേയും നഷ്ടപരിഹാരത്തെയും സംബന്ധിച്ചുള്ള നിയമരേഖ (RFCTLARR – ACT 2013) ചിത്രം 3.1-ൽ SIA പഠനത്തിന്റെ സമീപനരീതിയും പ്രവർത്തന സമ്പ്രദായവും ഫ്ളോ ചാർട്ട് രൂപത്തിൽ കാണിച്ചിട്ടുണ്ട്. പഠനത്തിന്റെ വിവിധ നടപടികളും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ചിത്രം 3.1

**SIA യുടെ സമീപനവും സമ്പ്രദായവും**

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARRനിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

**ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം**

| പദ്ധതി ബാധിത കുടുംബങ്ങൾ/ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെ ഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

### 3.4 മാതൃകകൾ നടത്തിയ രീതി

മുൻപഠനങ്ങളിലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമാണ് ഇടനില സ്രോതസ്സിൽനിന്നുള്ള വിവരങ്ങൾ ശേഖരിച്ചത്. വിശദമായ സ്ഥല അന്വേഷണങ്ങൾ നടത്തുന്നതിന് മുമ്പായി പദ്ധതി പ്രദേശത്തിന്റെ ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക സ്ഥിതിയെപ്പറ്റിയുള്ള ബോധവൽക്കരണം സൃഷ്ടിക്കാൻ സാധിച്ചു.

**പ്രദേശത്തിന്റെയും SIA പ്രവർത്തനത്തിന്റേയും ഏതാനും നിശ്ചയ ചിത്രങ്ങൾ**



ലവൽക്രോസ്സിലെ ഗതാഗത തടസ്സം



ഗേറ്റ് തുറന്നപ്പോഴത്തെ ഗതാഗതക്കുരുക്ക്



വില്ലേജ് ഓഫീസുമായുള്ള ചർച്ച



മുനിസിപ്പൽ അദ്ധ്യക്ഷനുമായുള്ള ചർച്ച



മുനിസിപ്പൽ സെക്രട്ടറിയുമായുള്ള ചർച്ച



എം.എൽ.എയുമായുള്ള ചർച്ച

## 3.5 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചരണവും

6.9.2018 മുതൽ പദ്ധതിയുടെ ഭൂപടം ഒത്തുനോക്കുന്നതിനും ബാധിത പ്രദേശം തിരിച്ചറിയുന്നതിനും പഠനസംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി. ശേഷം, പദ്ധതി പ്രദേശത്തെ വിവിധ ബാധിതരുമായി കൂടി ആലോചനനടത്തി. 2018 സെപ്റ്റംബർ – ഒക്ടോബർ കാലയളവിലാണ് വിവരശേഖരണം നടത്തിയത്.

**പട്ടിക 3.1 ഏറ്റെടുക്കേണ്ട സ്ഥല വിവരങ്ങൾ**

**പട്ടിക 3.1 ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ**

| ക്രമനമ്പർ | സർവ്വേ നമ്പർ | ഭൂഉടമയുടെ പേര് | സ്ഥലവിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1 | 170/4B,<br>171/6,<br>170/2A | ആർ.വി. ആരിഫ്ഖാൻ, മറ്റുള്ളവർ | 0.00087<br>0.00569<br>0.0043 |
| 2 | 171/8C | വിലാസ് പി.എച്ച് | 0.0030 |
| 3 | 171/8C | എൻ.കൃഷ്ണദാസ് | 0.0056 |
| 4 | 171/8C | എൻ.നാരായണൻ നായർ | 0.0078 |
| 5 | 171/8C | ദിനേഷ് നായർ, മറ്റുള്ളവർ | 0.0100 |
| 6 | 171/8C | കരുണാകരൻ, മറ്റുള്ളവർ | 0.0084 |
| 7 | 171/8C | കെ.ഡി. സുനിൽകുമാർ, മറ്റുള്ളവർ | 0.0001 |
| 8 | 171/8C<br>171/14C | എ.റ്റി. മൊയ്തുണ്ണി, മറ്റുള്ളവർ | 0.0154 |
| 9 | 171/14C | പി.വി. അബ്ദുള്ള | 0.011 |
| 10 | 171/14C | (നിര്യാതനായ) ഇബ്രാഹിംകുട്ടി | 0.002 |

| | | | |
|---|---|---|---|
| 11 | 171/11C<br>171/14E | മീരാവുക്ക മകൻ അസീം | 0.0014<br>0.0048 |
| 12 | 2/2B | ബാലകൃഷ്ണൻനായർ, മക്കൾ | 0.0088 |
| 13 | 2/2B,<br>4/3A<br>2/1B | ആർ.വി. ഖാലിദ് | 0.0029 |
| 14 | 4/10 | മുഹമ്മദ് യാസിൻ | 0.0044 |
| 15 | 4/10 | ദേവയാനി പുതുശ്ശേരി | 0.0013<br>0.0019 |
| 16 | 2/1B | ആർ.വി. മുഹമ്മദ് | 0.0045 |
| 17 | 174/11A | ബൈജു ഗോപാലൻ | 0.0048 |
| 18 | 171/8A | രാധ, ദേവീനിവാസ് | 0.0001 |
| 19 | 171/5/A | കാനൂസ്, ഡോ, സനൂജ് | 0.0002 |
| 20 | 170/3A | ഹേമലത വേണുഗോപാൽ | 0.0007 |
| 21 | 170/2A | ജയശ്രീ, മറ്റുള്ളവർ | 0.0014 |
| 22 | 170/2A | സ്വകാര്യ റോഡ് | 0.0001 |
| 23 | 170/2A | അമിത, മറ്റുള്ളവർ | 0.0004 |
| 24 | 170/2A | സ്വകാര്യ റോഡ് | 0.0001 |
| 25 | 170/1/A3 | മുനിസിപ്പാലിറ്റി റോഡ് | 0.0002 |
| 26 | 170/1/A3 | സെക്രട്ടറി, മുനിസിപ്പാലിറ്റി പാർക്ക് | 0.0002 |
| | ആകെ | | 0.1105 |

**പൊതുവിസ്താരത്തിന്റെ ചുരുക്കം**

തൃശൂർ ജില്ലയിലെ, ചാവക്കാട് താലൂക്കിൽപ്പെട്ട ഇരിങ്ങപ്പുറം, തൈക്കാട് ഗ്രാമങ്ങളിലുള്ള സ്ഥലങ്ങൾ, ഗുരുവായൂർ മേൽപ്പാലപദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നതുമായ ബന്ധപ്പെട്ട്, ഭൂഉടമകളുടെ ഒരു പൊതുവിസ്താരം 2018 ഡിസംബർ 28-ാം തീയതി രാവിലെ 11 മണിക്ക് അധികാരികൾ മുമ്പാകെ ഗുരുവായൂർ വെറ്ററിനറി ഹാളിൽവച്ച് നടത്തുകയുണ്ടായി.

**സന്നിഹിതരായിരുന്നവർ:-**

**പങ്കെടുത്ത ഉദ്യോഗസ്ഥർ:**

ശ്രീമതി പി. സിന്ധു, സ്പെഷ്യൽ തഹസീൽദാർ ജനറൽ (LA തൃശൂർ)

കുമാരി ദിവ്യ റ്റി, മാനേജർ RBDCK

ശ്രീ പി. രാജൻ, ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ് RBDCK

ശ്രീ. ജിബിൻ വർഗീസ്, ക്ലാർക്ക്, സ്പെഷ്യൽ തഹസീൽദാർ ജനറൽ ഓഫീസ്, തൃശൂർ

ശ്രീ. സി.ആർ.ശശികുമാർ, സ്പെഷ്യൽ റവന്യു ഇൻസ്പെക്ടർ

ശ്രീ രാജൻ പി. (വില്ലേജ് ഓഫീസർ, തൈക്കാട്)

ശ്രീ. എ.ബിജു, വില്ലേജ് ഓഫീസർ, ഗുരുവായൂർ

ശ്രീ. കെ.എസ്. ലാലു, വാല്യുവേഷൻ അസിസ്റ്റന്റ് (ജനറൽ)

ശ്രീ. പോൾ റ്റി.ജെ. സൂപ്രണ്ട് (ഗുരുവായൂർ മുനിസിപ്പാലിറ്റി)

ശ്രീമതി പ്രിയ രാജേന്ദ്രൻ, കൗൺസിലർ, വാർഡ് 23 (ഗുരുവായൂർ മുനിസിപ്പാലിറ്റി)

ശ്രീമതി ശ്രീദേവി ബാലൻ, കൗൺസിലർ, വാർഡ് 27 (ഗുരുവായൂർ മുനിസിപ്പാലിറ്റി)

**യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ പഠന സംഘാംഗങ്ങൾ:**

ശ്രീ സെബാസ്റ്റ്യൻ കെ.വി, ടീം ലീഡർ SIA

ശ്രീമതി സവിത സജീഷ്

ശ്രീമതി മിനി ജിബിഷ്

ശ്രീ. ജിനു ജോസഫ്

(പങ്കെടുത്ത പ്രശ്നബാധിതരുടെ ഹാജർ രേഖയുടെ കോപ്പി അവസാനഭാഗത്ത് വച്ചിട്ടുണ്ട്)

## പൊതുവിസ്താരത്തിൽ പങ്കെടുത്തവരുടെ ചിത്രങ്ങൾ

















**3.6 നടത്തിയിട്ടുള്ള പൊതു വിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം**

പൊതുവിസ്താരയോഗത്തിൽ പങ്കെടുത്ത ബാധിത കക്ഷികൾ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു; വസ്തുവകകളുടെ പട്ടികയിൽ ചെറിയ ചില വകകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ, ടീം ലീഡർ വീശദീകരണം നൽകിയശേഷം കരട് റിപ്പോർട്ട് തിരുത്തുകയുണ്ടായി. തൃശൂർ ജില്ലയിലെ ചാവക്കാട് താല്ലൂക്കിൽപ്പെട്ട ഇരങ്ങപ്പുറം, തൈക്കാട് ഗ്രാമങ്ങളിൽപ്പെടുന്നവയാണ് പദ്ധതി പ്രദേശം.

അംഗീകരിക്കപ്പെട്ട പ്രധാന പഠന കണ്ടെത്തലുകൾ

- ❖ മേൽപ്പാലം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു ഉപാധിയാണെന്ന് ഭൂരിപക്ഷവും അംഗീകരിച്ചു.
- ❖ മൊത്തത്തിലുള്ള ഭൂമി വ്യാപാര - ജീവനാധി നഷ്ടങ്ങൾ കണക്കിലെടുത്ത് പകരം മറ്റൊരു പദ്ധതിയോ, അല്ലെങ്കിൽ നിലവിലെ നീളം കുറയ്ക്കുകയോ ചെയ്യണമെന്ന് കുറേപ്പേർ നിർദ്ദേശിച്ചു.
- ❖ പ്രശ്നബാധിതരിൽ കുറെ ആളുകൾ സ്ഥലം വിട്ടുനൽകാൻ തയ്യാറല്ല.

**പൊതുനിർദ്ദേശങ്ങൾ**

- ❖ ന്യായമായ നഷ്ടപരിഹാരം
- ❖ കെട്ടിടം നഷ്ടമായവർക്ക് പരമാവധി നഷ്ടപരിഹാരത്തോടുകൂടിയ പുനരധിവാസം.
- ❖ നേരിട്ടുള്ള ആഘാതം സംഭവിച്ച കുടുംബങ്ങൾക്കും ഉപജീവനമാർഗ്ഗം നഷ്ടമായ തൊഴിലാളികൾക്കും മതിയായ നഷ്ടപരിഹാര ആനുകൂല്യങ്ങൾ നൽകുക.

**അധികാരി സമക്ഷം ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങൾ**

കൊളാടിപ്പടിയിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ്, ബാബു ലോഡ്ജിനു സമീപത്തുകൂടി, കുട്ടികളുടെ പാർക്കിൽ അവസാനിക്കുന്ന മറ്റൊരു പുതിയ വഴിയാണ് ചില സ്ഥലമുടമകൾ മുന്നോട്ടുവച്ചത്. ഇരുവശത്തേയും ഓടകളുടെ സ്ഥലം വിട്ടുകഴിഞ്ഞാൽ നിർദ്ദിഷ്ടപാലവും അനുബന്ധ റോഡുകളും ഇടുങ്ങിയതായിരിക്കുമെന്നാണ് അവർ വാദിച്ചത്. കൂടുതൽ വാഹനങ്ങൾ ഗുരുവായൂരേക്ക് മാത്രമല്ല, ചാവക്കാട്ടേക്കും മറ്റ് പ്രദേശങ്ങളിലേക്കും വരുവാനിടയുള്ളതുകൊണ്ട്, ഇപ്പോഴത്തേക്കാൾ വലിയ ഗതാഗതപ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകും. കെട്ടിടങ്ങൾക്കും, വസ്തുവകകൾക്കും അനേകം ജനങ്ങൾക്കും വ്യാപാരങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം പദ്ധതിയുടെ മേന്മയേക്കാൾ വലുതായിരിക്കുമെന്നും അവർ ഉയർത്തിക്കാട്ടി. വലിയ നിക്ഷേപങ്ങൾ മുടക്കിയ വസ്തുവകകളുടേയും വരുമാനത്തിന്റേയും നഷ്ട

മാണ് ഈ പദ്ധതി സൃഷ്ടിക്കുന്നത്. ഒരു പഴയ പ്ലാനിൽ മാറ്റങ്ങൾ വരുത്തി ഉണ്ടാക്കിയ ഈ പദ്ധതി ഭാവി ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്നും അവർ പ്രസ്താവിച്ചു.

ബന്ധപ്പെട്ട അധികാരികളിലെത്തിക്കാൻ രണ്ട് അപേക്ഷകളാണ് യോഗത്തിൽ വച്ച് ലഭിച്ചത്.

1. മേൽപ്പാലത്തിന്റെ നിർദ്ദിഷ്ട രൂപരേഖ മാറ്റാവുന്നതല്ലെങ്കിൽ, നീളവും വീതിയും കുറയ്ക്കണമെന്ന് 11 പ്രശ്നബാധിതർ ഒപ്പിട്ട് ശ്രീ. ആരിഫ്ഖാൻ നൽകിയ അപേക്ഷ.

2. രൂപരേഖമാറ്റിയില്ലെങ്കിൽ തന്റെ സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന നഷ്ടങ്ങളുടെ വിശദ വിവരങ്ങൾ അടങ്ങിയ ആർ.വി. മുഹമ്മദ്, ഹോട്ടൽ ആർവി റീജൻസിയും ആർ.വി ഓഡിറ്റോറിയവും, സമർപ്പിച്ച അപേക്ഷ.

**അധികാരികളുടെ പ്രതികരണം**

റോഡിന്റെ സംയോജനം സംബന്ധിച്ചുള്ളതായിരുന്നു പ്രധാന ചോദ്യം. വിവിധ സമ്പ്രദായങ്ങളിൽ ഭൂമി ഏറ്റെടുക്കൽ സാധ്യമാണെന്നാണ് സ്പെഷ്യൽ തഹസീൽദാർ (LA) വിശദീകരിച്ചത്. സർവ്വസാധാരണമായ സമ്പ്രദായം നെഗോഷ്യബിൾ പർച്ചേയ്സ് നിയമം, ഇപ്പോൾ RFCTLARR നിയമം, 2013, തുടർന്നുള്ളത് കേരളാസർക്കാരിന്റെ 2015 -ലെ ചട്ടങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഇതിൽ ആദ്യത്തേത് പ്രശ്നബാധിതർക്ക് സ്വീകാര്യമല്ലെങ്കിൽ, വികസന പ്രവർത്തികൾക്കും പൊതുജനസേവന പ്രവർത്തനവുമായി ബന്ധപ്പെട്ട പുതിയ നിയമം ഉപയോഗിക്കും. RFCTLARR നിയമത്തിലെ എല്ലാ ആനുകൂല്യങ്ങളും ബാധിതകർക്ക് ലഭ്യമാക്കുമെന്ന് അവർ വ്യക്തമാക്കി. SIA റിപ്പോർട്ട് ജില്ലാതല കമ്മിറ്റി അംഗീകരിച്ചതിനുശേഷം മാത്രമേ, ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയുള്ളൂവെന്നും അവർ പ്രസ്താവിച്ചു.

നെഗോഷ്യബിൾ പർച്ചേസ് നിയമം അടിസ്ഥാനപ്പെടുത്തിയുള്ള സ്ഥലം വാങ്ങൽ പരാജയപ്പെട്ടപ്പോഴാണ്, പുതിയ RFCTLARR നിയമം പിൻതുടർന്നത്; ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള എക്സ്പർട്ട് കമ്മറ്റി, SIAയുടെ അന്തിമ റിപ്പോർട്ട് അംഗീകരിച്ചതിന ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ സാധ്യമാകുകയുള്ളൂവെന്ന് RBDCK ഡെപ്യൂട്ടി കളക്ടർ (Rtd.) ശ്രീ. പി. രാജൻ വിശദീകരിച്ചു. റോഡ് സംയോജന രൂപരേഖ കേരളാ സർക്കാരിന്റെ PWD വകുപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. എല്ലാവിധ നഷ്ടങ്ങളും പ്രശ്നങ്ങളും

RFCTLARR നിയമത്തിലെ വകുപ്പുകൾ പ്രകാരം പരിഹരിക്കപ്പെടാൻ സാധിക്കുമെന്നും അദ്ദേഹം ഉറപ്പിച്ച് പ്രഖ്യാപിച്ചു. സംയോജന വ്യതിയാനം വരുത്തണമെന്ന് ആവശ്യപ്പെട്ട് പ്രശ്നബാധിതർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻവേണ്ടി തയ്യാറാക്കിയ അപേക്ഷയുടെ ഒരു പകർപ്പ് ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. SIAയുടെ അന്തിമറിപ്പോർട്ട് ലഭിച്ച ശേഷം ശുപാർശകൾ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാകളക്ടർക്കും PWD യ്ക്കും നേരിട്ട് അപേക്ഷ നൽകണമെങ്കിൽ അപ്രകാരം ചെയ്യാമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ഭൂമിയുടെ മൊത്തം വിലനിർണ്ണയം, സ്ഥലത്തിന്റെ മൊത്തം വിസ്തീർണ്ണം, നില വിലെ ഗതാഗത സാന്ദ്രത, ഭാവിഗതാഗത ആവശ്യങ്ങൾ തുടങ്ങിയ വിവിധ ശാസ്ത്രീയപഠന ങ്ങൾക്ക് ശേഷമാണ് റോഡ് സംയോജനാതീരുമാനം കൈക്കൊണ്ടതെന്നാണ് RBDCK മാനേജർ അറിയിച്ചു. വൈദ്യുതവൽക്കരണവും മറ്റ് ഭാവി വികസനങ്ങളും കണക്കിലെടു ത്താണ് മേൽപ്പാലത്തിന്റെ ഉയരം നിർണ്ണയിച്ചിട്ടുള്ളത്. റെയിൽവേയുടെ 'ലെവൽക്രോസ് ഇല്ലാതാക്കുക എന്നതാണ് മേൽപ്പാല നിർമ്മാണത്തിന്റെ കാരണങ്ങളിലൊന്ന് എന്ന് RBDCK മാനേജർ സൂചിപ്പിച്ചു. തന്മൂലം റോഡിന്റെ ഇരുവശങ്ങളിലും 200 മീറ്റർ വീതി യുള്ള നിലവിലെ ലെവൽക്രോസ് അടക്കുകയും ചെയ്യും.

യോഗത്തിൽ സന്നിഹിതരായിരുന്ന ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ വാർഡ് കൗൺസിലർമാർ പറഞ്ഞത് അവർ പ്രശ്നബാധിതരുടെ കൂടെയാണെന്നും അവരുടെ പ്രശ്നങ്ങൾ മാനിക്കപ്പെടണമെന്നുമാണ്.

പ്രശ്നബാധിതരുടെ ദുരിതങ്ങളും വേദനയും ഉൾക്കൊണ്ടുകൊണ്ട് തികച്ചും ശാസ്ത്രീയമായ രീതിയിലാണ് നഷ്ടപരിഹാരം കണക്കാക്കിയിരിക്കുന്നതെന്ന് ഉദ്യോഗ സ്ഥർ വിശദീകരിച്ചു.

### അദ്ധ്യായം -4

# സ്ഥലത്തിന്റെ വില നിർണ്ണയം

## 4.1. പശ്ചാത്തലം

സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ SIA ഘടകം പദ്ധതി പ്രദേശത്ത് ഒരു സാമൂഹ്യ - സാമ്പത്തിക സർവ്വേ നടത്തുകയുണ്ടായി. പദ്ധതി ബാധിതരായ ഓരോ കുടുംബത്തിന്റേയും വസ്തുവകകൾ, വരുമാനം, ജീവിതമാർഗ്ഗം എന്നിവയെ നിർദ്ദിഷ്ട പദ്ധതി ഏതളവുവരെ ബാധിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുവാൻ സർവ്വേയിലൂടെ സാധിച്ചു. മുൻകൂർ തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പ്രശ്നബാധിത കുടുംബങ്ങളുടെ സാമൂഹ്യ - സാമ്പത്തികഘടന, വസ്തുവകയുടെ സ്വഭാവം, അവകാശം, സംഭവിക്കാവുന്ന ആഘാതം, അതിന്റെ ഗൗരവം, വസ്തുക്കളുടെ വിശദവിവരങ്ങൾ എന്നിവ വിലയിരുത്തുകയായിരുന്നു സർവ്വേയുടെ മുഖ്യലക്ഷ്യം, സർവ്വേയുടെ കണ്ടെത്തലുകളും പ്രശ്നങ്ങളുടെ ഗൗരവവും ചുവടെ ചേർക്കുന്നു.

## 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

### പട്ടിക 4.1 ബാധിത ഭൂമിയുടെ ഏറ്റെടുക്കൽ

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂഉടമയുടെ പേര് | സ്ഥലം/വീട് അളവ് | സ്വത്ത് വിവരം |
|---|---|---|---|---|
| 1. | 170/4B<br>171/6<br>170/2A | ആർ.വി. ആരിഫ്ഖാനും മറ്റുള്ളവരും | 0.00087<br>0.00569<br>0.0043 | കെട്ടിടത്തിന്റെ മുൻവശം പെട്രോൾ പമ്പിന്റെ മുൻവശം ആർ.വി. ട്രേഡേഴ്സിന്റെ മുൻവശം |
| 2. | 171/8C | വിലാസ് പി.എച്ച് | 0.0030 | ഭൂമിയുടെ മുൻവശം |
| 3. | 171/8C | എൻ. കൃഷ്ണദാസ് | 0.0056 | മതിലിന്റേയും ഗേറ്റിന്റേയും സ്ഥലം |
| 4. | 171/8C | എൻ. നാരായണൻ നായർ | 0.0078 | മതിലിന്റെ സ്ഥലം, 1 തെങ്ങ്, കൽകിണർ |
| 5. | 171/8C | ദിനേഷ് നായരും മറ്റുള്ള വരും | 0.0100 | മതിലിന്റെ സ്ഥലം, ഇരുമ്പു ഗേറ്റ്, 1 മാവ് |
| 6. | 171/8C | കരുണാകരനും മറ്റും | 0.0084 | സ്ഥലം (പ്രതികരിച്ചില്ല) |

| | | | | |
|---|---|---|---|---|
| 7. | 171/8C | കെ.ഡി സുനിൽകുമാറും മറ്റുള്ളവരും | 0.0001 | പാട്ടഭൂമി, ഉടമസ്ഥൻ ജീവിച്ചിരിപ്പില്ല |
| 8. | 171/8C<br>171/14C | എ.റ്റി. മൊയ്തുണ്ണിയും മറ്റുള്ളവരും | 0.0154 | കടയുടെ മുൻവശം |
| 9. | 171/14C | പി.വി.അബ്ദുള്ള | 0.011 | കടയുടെ മുൻവശം |
| 10. | 171/14C | ഇബ്രാഹിംകുട്ടി (നിര്യാതനായി) | 0.0002 | കടയുടെ മുൻവശം |
| 11. | 171/11C<br>171/14E | മീരാവുക്ക മകൻ അസീം | 0.0014<br>0.0048 | കടയുടെ മുൻവശം<br>ജലവിതരണ കേന്ദ്രത്തിന്റെ മുൻവശം |
| 12. | 2/2B | ബാലകൃഷ്ണൻനായരു മക്കളും | 0.0088 | മതിൽ സ്ഥലവും ഗേറ്റും |
| 13. | 2/2B,<br>4/3A,<br>2/1B | ആർ.വി. ഖാലിദ് | 0.0029 | മുൻവശം |
| 14. | 4/10 | മുഹമ്മദ് യാസ്സിൻ | 0.0044 | മതിൽ, ഗേറ്റിന്റെ സ്ഥലം |
| 15. | 4/10 | ദേവയാനി പുതുശ്ശേരി | 0.0013<br>0.0019 | സ്ഥലം |
| 16. | 2/1B | ആർ.വി. മുഹമ്മദ് | 0.0045 | കൺവൻഷൻ സെന്ററിന്റെ മുൻവശം |
| 17. | 174/11A | ബൈജു ഗോപാലൻ | 0.0048 | സ്ഥലം |
| 18. | 171/8A | രാധ, ദേവീനിവാസ് | 0.001 | അളവ് രേഖ പ്രകാരം സ്ഥലം നഷ്ടമാകുന്നില്ലെന്ന് അിറയിച്ചു |
| 19. | 171/5/A | കാനൂസ്, ഡോ. സനൂജ് | 0.002 | നാല് നക്ഷത്രഹോട്ടലിന്റെ മുൻവശം |
| 20. | 170/3A | ഹേമലത വേണുഗോപാൽ | 0.007 | കെട്ടിടത്തിന്റെ മുൻവശം |
| 21. | 170/2A | ജയശ്രീയും മറ്റുള്ളവരും | 0.0014 | കെട്ടിടത്തിന്റെ മുൻവശം |
| 22. | 170/2A | സ്വകാര്യ വഴി | 0.0001 | സ്ഥലവും വഴിയും |
| 23. | 170/2A | അമിതയും മറ്റുള്ളവരും | 0.0004 | കെട്ടിടത്തിന്റെ മുൻവശം |

| | | | | |
|---|---|---|---|---|
| | | | | (കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തപാൽവഴി ബന്ധപ്പെടാൻ ശ്രമിച്ചിട്ട് മറുപടി ഇല്ല) |
| 24. | 170/2A | സ്വകാര്യ വഴി | 0.0001 | സ്ഥലം, റോഡ് |
| 25. | 170/1/A3 | മുനിസിപ്പാലിറ്റി റോഡ് | 0.0002 | സ്ഥലം, റോഡ് |
| 26. | 170/1/A3 | സെക്രട്ടറി, മുൻസിപ്പാലിറ്റി പാർക്ക് | 0.0002 | മതിലും സ്ഥലവും |
| | ആകെ | | 0.1105 | |

### 4.3 സ്ഥലവിവരപട്ടിക (ഭൂപടം)



## 4.4 പദ്ധതിയ്ക്കാവശ്യമായ ഭൂമി

നിർദ്ദിഷ്ട ഗുരുവായൂർ മേൽപ്പാലപദ്ധതിയുടെ നിർമ്മാണത്തിന 0.116 ഹെക്ടർ സ്ഥലം ആവശ്യമാണ്. സ്വകാര്യ സ്ഥലവും ഒരു മുനിസിപ്പാലിറ്റി റോഡും മുനിസിപ്പാലിറ്റി യുടെ ഉടമസ്ഥതയിലുള്ള കുട്ടികളുടെ പാർക്കിന്റെ ഒരു ഭാഗവുമാണ് പ്രശ്നബാധിത പ്രദേശം.

**പട്ടിക 4.2 പദ്ധതിബാധിത പ്രദേശത്തെ ഏറ്റെടുക്കൽ**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂഉടമയുടെ പേര് | സ്ഥലവിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1 | 170/4B,<br>171/6,<br>170/2A | ആർ.വി. ആരിഫ്ഖാൻ, മറ്റുള്ളവർ | 0.00087<br>0.00569<br>0.0043 |
| 2 | 171/8C | വിലാസ് പി.എച്ച് | 0.0030 |
| 3 | 171/8C | എൻ.കൃഷ്ണദാസ് | 0.0056 |
| 4 | 171/8C | എൻ.നാരായണൻ നായർ | 0.0078 |
| 5 | 171/8C | ദിനേഷ് നായർ, മറ്റുള്ളവർ | 0.0100 |
| 6 | 171/8C | കരുണാകരൻ, മറ്റുള്ളവർ | 0.0084 |
| 7 | 171/8C | കെ.ഡി. സുനിൽകുമാർ, മറ്റുള്ളവർ | 0.0001 |
| 8 | 171/8C<br>171/14C | എ.റ്റി. മൊയ്തുണ്ണി, മറ്റുള്ളവർ | 0.0154 |
| 9 | 171/14C | പി.വി. അബ്ദുള്ള | 0.011 |
| 10 | 171/14C | (നിര്യാതനായ) ഇബ്രാഹിംകുട്ടി | 0.002 |
| 11 | 171/11C<br>171/14E | മീരാവുക്ക മകൻ അസീം | 0.0014<br>0.0048 |
| 12 | 2/2B | ബാലകൃഷ്ണൻനായർ, മക്കൾ | 0.0088 |
| 13 | 2/2B, | ആർ.വി. ഖാലിദ് | 0.0029 |

| | | | |
|---|---|---|---|
| | 4/3A<br>2/1B | | |
| 14 | 4/10 | മുഹമ്മദ് യാസിൻ | 0.0044 |
| 15 | 4/10 | ദേവയാനി പുതുശ്ശേരി | 0.0013<br>0.0019 |
| 16 | 2/1B | ആർ.വി. മുഹമ്മദ് | 0.0045 |
| 17 | 174/11A | ബൈജു ഗോപാലൻ | 0.0048 |
| 18 | 171/8A | രാധ, ദേവീനിവാസ് | 0.0001 |
| 19 | 171/5/A | കാനൂസ്, ഡോ, സനൂജ് | 0.0002 |
| 20 | 170/3A | ഹേമലത വേണുഗോപാൽ | 0.0007 |
| 21 | 170/2A | ജയശ്രീ, മറ്റുള്ളവർ | 0.0014 |
| 22 | 170/2A | സ്വകാര്യ റോഡ് | 0.0001 |
| 23 | 170/2A | അമിത, മറ്റുള്ളവർ | 0.0004 |
| 24 | 170/2A | സ്വകാര്യ റോഡ് | 0.0001 |
| 25 | 170/1/A3 | മുനിസിപ്പാലിറ്റി റോഡ് | 0.0002 |
| 26 | 170/1/A3 | സെക്രട്ടറി, മുനിസിപ്പാലിറ്റി പാർക്ക് | 0.0002 |
| | ആകെ | | 0.1105 |

### 4.5 പൊതുസ്ഥലത്തിന്റെ ഉപയോഗം

പദ്ധതി നടത്തിപ്പ് പൊതുസ്ഥലങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഒരു മുനിസിപ്പാലിറ്റി റോഡിനേയും മുനിസിപ്പാലിറ്റി പാർക്കിനേയും സ്ഥലമേറ്റെടുപ്പ് ബാധിക്കുന്നു.

### 4.6 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി

പദ്ധതിക്കായി ഇതുവരെയും ഭൂമിയൊന്നുംതന്നെ ഏറ്റെടുക്കുകയോ വില കൊടുത്തു വാങ്ങുകയോ ചെയ്തിട്ടില്ല.

## 4.7 പ്രദേശത്തെ മുൻ വ്യവഹാരങ്ങൾ

പട്ടിക 4.3 സ്ഥല വ്യാപാരം

| വ്യാപാരം | എണ്ണം | ശതമാനം | മൂല്യശതമാനം | വർദ്ധിത ശതമാനം |
|---|---|---|---|---|
| ഇല്ല | 17 | 65.4 | 65.4 | 65.4 |
| ബാങ്ക് വായ്പ | 1 | 3.8 | 3.8 | 69.2 |
| മറുപടിയില്ല | 4 | 15.4 | 15.4 | 84.6 |
| അപ്രസക്തം | 4 | 15.4 | 15.4 | 100.0 |
| മൊത്തം | 26 | 100.0 | 100.0 | |

കക്ഷികൾ നൽകിയ വിവരമനുസരിച്ച് മൊത്തമുള്ള 26 ഭൂഉടമസ്ഥതയിൽ17 എണ്ണത്തിൽ യാതൊരു വ്യവഹാരങ്ങളും നടന്നിട്ടില്ലെന്നും ഒന്നിനെതിരായി ബാങ്ക് വായ്പ എടുത്തിട്ടുണ്ടെന്നുമാണ് പട്ടിക 4.3 കാണിക്കുന്നത്. 4 എണ്ണം അപ്രസക്തവും 4 ഭൂഉടമകൾ പ്രതികരിച്ചിട്ടുമില്ല.

### അദ്ധ്യായം -5

# വിലയിരുത്തലും കണക്കുകൂട്ടലും

**5.1 ആമുഖം**

പദ്ധതി നടത്തിപ്പ് മുഖാന്തരം കുടുംബങ്ങൾക്ക് നേരിട്ടും അല്ലാതെയും നഷ്ടമായ വസ്തുവകകളുടെ വിലയിരുത്തലും മറ്റ് ആഘാതങ്ങളുടെ തോതുമാണ് ഈ അധ്യായത്തിൽ ചേർത്തിരിക്കുന്നത്.

**5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ**

പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ അതിശുഭ കവാടമായ കിഴക്കേനടയാണ് പദ്ധതി പ്രദേശം. ഭൂരിഭാഗം ബാങ്കുകൾ, എ.ടി.എം. കേന്ദ്രങ്ങൾ, വ്യാപാര സമുച്ചയങ്ങൾ, ഹോട്ടലുകളും ലോഡ്ജുകളുമടങ്ങിയ അതിഥി മന്ദിരങ്ങൾ, കൺവൻഷൻ ഹാളുകൾ എന്നിവകൾകൊണ്ട് നിബിഢമായ പട്ടണത്തിന്റെ ഹൃദയഭാഗങ്ങളിലൊന്നാണ് ഈ പ്രദേശം. മാസശമ്പളമായോ സ്വയം തൊഴിൽ മുഖാന്തരമോ ജീവിതവൃത്തി നിവർത്തിക്കുന്ന നൂറ് കണക്കിന് ജോലിക്കാരുള്ള ചെറുകച്ചവട സ്ഥാപനങ്ങളെ പോഷിപ്പിക്കുന്നത് ഈ പ്രദേശമാണ്. മേൽപ്പാലം സ്ഥാപനങ്ങളുടെ മുൻഭാഗം കവർന്നെടുക്കുന്നതിനാൽ, ഈ ജനങ്ങൾ നേരിടുന്ന ഗൗരവമായ പ്രശ്നം വ്യാപാരത്തിലെ വൻ ഇടിവാണ്.

**5.3. പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെ കുടുംബം**

പ്രസക്തമല്ല.

**5.4 ഉപജീവനാർത്ഥം പൊതുസ്വത്തുക്കളെ ആശ്രയിച്ചിരുന്ന കുടുംബങ്ങൾക്ക് പദ്ധതി ആഘാതം മൂലമു ായ നഷ്ടം**

പ്രസക്തമല്ല.

**5.5 സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ ഏതെങ്കിലും ക്ഷേമപദ്ധതി മുഖാന്തിരം നൽകിയ ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങൾ**

**പട്ടിക 5.1 സ്ഥലത്തിന്റെ ഉടമസ്ഥാവകാശം**

| ഉടമസ്ഥാവകാശത്തിന്റെ തരം | എണ്ണം | ശതമാനം | മൂല്യശതമാനം | വർദ്ധിത ശതമാനം |
|---|---|---|---|---|
| പരമ്പരാഗതം | 6 | 23.1 | 23.1 | 23.1 |
| വാങ്ങിയ ഭൂമി | 11 | 42.3 | 42.3 | 65.4 |
| മറുപടിയില്ല | 3 | 11.5 | 11.5 | 76.9 |
| അപ്രസക്തം | 6 | 23.1 | 23.1 | 100.0 |
| മൊത്തം | 26 | 100.0 | 100.0 | |

### 5.6 ഏറ്റെടുക്കലിന് മുമ്പ് മൂന്നോ അതിലധികോ വർഷങ്ങളായി താമസിച്ചുവരുന്ന നഗരപ്രദേശങ്ങളിലെ കുടുംബങ്ങൾ

പട്ടിക 5.2സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

| ഉടമസ്ഥാവകാശ കാലയളവ് | എണ്ണം | ശതമാനം | മൂല്യശതമാനം | വർദ്ധിത ശതമാനം |
|---|---|---|---|---|
| 1960 – 1970 | 1 | 3.8 | 3.8 | 3.8 |
| 1970 – 1980 | 3 | 11.5 | 11.5 | 15.4 |
| 1980 – 1990 | 4 | 15.4 | 15.4 | 30.8 |
| 1990 – 2000 | 4 | 15.4 | 15.4 | 46.2 |
| 2000 – 2010 | 2 | 7.7 | 7.7 | 53.8 |
| 2010 – 2018 | 2 | 7.7 | 7.7 | 61.5 |
| അപ്രസക്തം | 6 | 23.1 | 23.1 | 84.6 |
| മറുപടി നൽകാത്തത് | 4 | 15.4 | 15.4 | 100.0 |
| മൊത്തം | 26 | 100.0 | 100.0 | |

പട്ടിക 5.2 ന്റെ വിശദീകരണം ഇപ്രകാരമാണ്, പ്രശ്നബാധിതർ പ്രാഥമിക ഉപജീവനമാർഗ്ഗവുമായി ബന്ധപ്പെട്ട് വസ്തുവകകളിൽ താമസമാക്കിയതിന്റെ കാലയളവ്. മൊത്തം

താമസക്കാരിൽ, ഒരാൾ 1960-70 കാലയളവിലും, 3 പേർ 1970-80ലും, 4 പേർ 1980 - 90ലും, മറ്റ് 4 പേർ 1990 - 2000ലും, 2 പേർ 2000 - 2010 മുതൽ ഇന്നേവരെയും, ഉടമസ്ഥാവകാശമുള്ളവരാണ്. 6 സർവ്വേ നമ്പരിൽപ്പെട്ടവ, സ്വകാര്യ വഴിയോ, മുനിസിപ്പാലിറ്റി റോഡോ, പാർക്കോ ആയതിനാൽ ഇവിടെ പരിഗണനാർഹമല്ല. 4 സർവ്വേ നമ്പർ ഉടമകൾ പ്രതികരിച്ചിട്ടില്ല.

### 5.7 ഏറ്റെടുക്കലിന് തൊട്ടുമുമ്പുള്ള 3 വർഷമായി ഉപജീവനാശ്രയമായി ഉപയോഗിച്ചിരുന്ന കുടുംബങ്ങൾ

**പട്ടിക 5. 3സ്ഥലം/വസ്തുവക ഉപയോഗം**

| സ്ഥലം/വസ്തുവക ഉപയോഗം | എണ്ണം | ശതമാനം | മൂല്യശതമാനം | വർദ്ധിത ശതമാനം |
|---|---|---|---|---|
| കടയുടെ മുൻഭാഗം | 12 | 46.2 | 46.2 | 46.2 |
| മതിലും ഗേറ്റും | 4 | 15.4 | 15.4 | 61.5 |
| മറുപടി ഇല്ലാത്തത് | 4 | 15.4 | 15.4 | 76.9 |
| അപ്രസക്തം | 3 | 11.5 | 11.5 | 88.5 |
| കൃഷിഭൂമി | 2 | 7.7 | 7.7 | 96.2 |
| മുനിസിപ്പാലിറ്റി പാർക്ക് | 1 | 3.8 | 3.8 | 100.0 |
| മൊത്തം | 26 | 100.0 | 100.0 | |

പട്ടിക 5.3 ന്റെ വിശദീകരണം ഇപ്രകാരമാണ്, മൊത്തമുള്ള 12 സ്ഥലങ്ങൾ തങ്ങളുടെ കച്ചവടസ്ഥാപനങ്ങളുടെ മുൻഭാഗമാണ്. 4 ഉടമകൾക്ക് തങ്ങളുടെ മതിലും ഗേറ്റും അതിനോട് ചേർന്നുള്ള ആദായം ലഭിക്കുന്ന സ്ഥലവും, രണ്ടുപേർക്ക് തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളുള്ള കൃഷി ഭൂമിയും, കിണറും, പമ്പ് ഹൗസും മതിലും ഗേറ്റും, നഷ്ടമാകുന്നു. 6 എണ്ണം സ്വകാര്യവഴിയും മുനിസിപ്പാലിറ്റി റോഡും പാർക്കുമായതിനാൽ അപ്രസക്തവും 3 ഉടമകൾ മറുപടി വിവരങ്ങൾ നൽകാത്തതുമാകുന്നു.

## 5.8 ആദായം ലഭിക്കുന്ന വസ്തുവകകളുടെ വിവരപട്ടിക

പട്ടണപ്രദേശത്തുള്ള വസ്തുവകകളായതിനാൽ, തെങ്ങ് മുതലായവയുള്ള ആദായ ഭൂമിയുടെ സർവ്വേ നമ്പരുകൾ മാത്രമേ ലഭ്യമുള്ളൂ. ഭൂരിഭാഗം സ്വത്തുകളും കെട്ടിടങ്ങളും വ്യാപാരസ്ഥാപനങ്ങളുമാണ്.. 6 സർവ്വേ നമ്പരുകളിൽപ്പെട്ടവ സ്വകാര്യ വഴിയും മുനിസിപ്പാലിറ്റി റോഡും പാർക്കുമായതിനാൽ, അപ്രസക്തമാണ്; 4 സർവ്വേ നമ്പരിൽപ്പെട്ടവ എത്തിച്ചെല്ലാൻ അസാധ്യമായതും അറിയിപ്പിന് മറുപടി നൽകാത്തതുമാണ്.

**പട്ടിക 5.4 വസ്തുവകകളുടെ വിവരപട്ടിക**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂഉടമയുടെ പേര് | സ്ഥലം/വീട് അളവ് | സ്വത്ത് വിവരം |
|---|---|---|---|---|
| 1. | 170/4B<br>171/6<br>170/2A | ആർ.വി. ആരിഫ്ഖാനും മറ്റുള്ളവരും | 0.00087<br>0.00569<br>0.0043 | കെട്ടിടത്തിന്റെ മുൻവശം പെട്രോൾ പമ്പിന്റെ മുൻവശം ആർ.വി. ടവേഴ്സിന്റെ മുൻവശം |
